Government of Kerala
1985

Reg. No. KL/TV(N)/12

KERALA GAZETTE

EXTRAORDINARY

PUBLISHED BY AUTHORITY

Vol. XXX] Trivandrum, Tuesday 13th August 1985 / 22nd Sravana 1907 (Saka) [No. 680

കേരള സർക്കാർ

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്

വിജ്ഞാപനം

നമ്പർ 7223/ഔ.ഭാ. 3/83/ഉ.ഭ.പ.വ. തിരുവനന്തപുരം, 1985 ആഗസ്റ്റ് 1.

എസ്. ആർ. ഒ. നമ്പർ 1129/85.—1969-ലെ കേരള ഔദ്യോഗികഭാഷകൾ ആക്ട് (1969-ലെ 7) 1 ബി വകുപ്പുപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരളസർക്കാർ, പഞ്ചായത്ത്, മുനിസിപ്പൽഭരണം, വനം, സഹകരണം, ഹരിജനക്ഷേമം, ഗിരിജനക്ഷേമം, മൽസ്യബന്ധനം, ആർക്കിയോളജി എന്നീ വകുപ്പുകളിലും സെക്രട്ടേറിയററിലെ അവയുടെ ബന്ധപ്പെട്ട ഭരണവകുപ്പുകളിലും എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും, നിയമപരമായി ഇംഗ്ലീഷ് ഭാഷയും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴ്, കർണ്ണാടകം എന്നിവയും ഉപയോഗിക്കണമെന്നു വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിലൊഴികെ, 1985 സെപ്തംബർ മാസം 1-ാം തീയതി മുതൽ മലയാളം മാത്രം ഉപയോഗിക്കേണ്ടതാണെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവുപ്രകാരം,
ആർ. രാമചന്ദ്രൻ നായർ,
ഗവൺമെന്റ് സെക്രട്ടറി.

[P.T.O

33/3446/].

വിശദീകരണക്കുറിപ്പ്

(ഇതു വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ വിജ്ഞാപനത്തിന്റെ പൊതു ഉദ്ദേശം സൂചിപ്പിക്കാനുദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1969-ലെ കേരള ഔദ്യോഗികഭാഷകൾ ആക്ട് 1 ബി വകുപ്പ് ഔദ്യോഗിക കാര്യങ്ങൾക്ക് ഇംഗ്ലീഷോ മലയാളമോ ഉപയോഗിക്കാമെന്ന് നിർദ്ദേശിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാരിന് അധികാരം നൽകുന്നു. മലയാളം പൂർണ്ണമായും കേരള സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷയാക്കുന്നതിന്റെ തുടക്കമെന്ന നിലയിൽ പഞ്ചായത്ത്, മുനിസിപ്പൽഭരണം, വനം, സഹകരണം, ഹരിജനക്ഷേമം, ഗിരിജനക്ഷേമം, മൽസ്യബന്ധനം, ആർക്കിയോളജി എന്നീ എട്ടു വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ബന്ധപ്പെട്ട ഭരണവകുപ്പുകളിലും എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും, നിയമപരമായി ഇംഗ്ലീഷ് ഭാഷയും സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴ്, കന്നട എന്നിവയും ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിലൊഴികെ 1985 സെപ്തംബർ മാസം ഒന്നാംതീയതിമുതൽ മലയാളംമാത്രം ഉപയോഗിക്കേണ്ടതാണെന്ന് സർക്കാർ തീരുമാനിച്ചു. ഈ ഉദ്ദേശം സാധിക്കുവാനാണ് ഈ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

PRINTED AND PUBLISHED BY THE S. G. P. AT THE GOVERNMENT PRESS,
TRIVANDRUM, 1985.